(ഡി) 2011 ഏപ്രിൽ-മേയ് മാസങ്ങളിൽ പൂർത്തിയാകുന്ന നിലവിലുള്ള പുഞ്ചകൃഷിയുടെ വിളവെടുപ്പിന് ശേഷം മാത്രമേ നെല്ലുല്പാദനത്തിലുണ്ടാകുന്ന വർദ്ധനവ് കൃത്യമായി കണക്കാക്കാൻ സാധിക്കൂ.

(ഇ) നിലവിൽ കുട്ടനാട്ടിലെ നെല്ലുല്പാദനം പ്രതിവർഷം ശരാശരി 2.5 ലക്ഷം ടൺ ആണ്. കുട്ടനാട് പാക്കേജ് പ്രകാരമുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ ഇത് ഇരട്ടിയാക്കാമെന്നാണ്; അതായത് പ്രതിവർഷം 5 ലക്ഷം ടൺ ഉല്പാദനം കൈവരിക്കാമെന്നാണ് കണക്കാക്കുന്നത്.

ഗ്രാമപ്രദേശങ്ങളിലെ യുവതീയുവാക്കൾക്ക് കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം

16(*316) ശ്രീ. രാജു എബ്രഹാം :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപ്രദേശങ്ങളിലെ യുവതീയുവാക്കളെ കാർഷികയന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും, സർവീസിംഗ് നടത്തി പരിപാലിക്കുന്നതിനും, അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള പരിശീലനം നൽകുന്നതിന് കാർഷിക സർവ്വകലാശാല ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര പേർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട് ;

(ഡി) പരിശീലനം ലഭിച്ച ഭക്ഷ്യ സുരക്ഷാ സേനാംഗങ്ങൾക്ക് കാർഷിക യന്ത്രസേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സഹായം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) കാർഷിക സർവ്വകലാശാല കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ ഗ്രാമപ്രദേശങ്ങളിലെ യുവതീയുവാക്കളെ കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും സർവ്വീസിംഗ് നടത്തി പരിപാലിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള പരിശീലനത്തിന്റെ ഭാഗമായി 'ഭക്ഷ്യ സുരക്ഷാ സേന' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി.

(1) യന്ത്രവൽകൃത നടീലിൽ പരിശീലനം

(2) നെൽകൃഷിയിൽ പരിപൂർണ്ണ യന്ത്രവൽക്കരണം

(3) ട്രാക്ടർ പരിശീലനം

LIBRARY ARCHIVES Kerala Legislative Assembly

(4) കൊയ്ത്ത് മെതി പാറ്റൽ യന്ത്രങ്ങളുടെ പരിശീലനം

(5) യന്ത്രവൽകൃത തെങ്ങു കയറ്റ പരിശീലനം

(6) സസ്യ സംരക്ഷണോപകരണങ്ങളുടെ പരിശീലനം

(7) റീപ്പർ, ടില്ലർ തുടങ്ങിയവയുടെ ഉപയോഗവും സർവ്വീസിംഗും

(8) ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം മുതലായവയിൽ പരിശീലനം നൽകി വരുന്നുണ്ട്.

കൂടാതെ Greeners army, coconut climbing and crown management, Garden setting army, vegetable production, Green army cadets, coconut apprenticeship training തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി 700 പേർക്ക് പരിശീലനം നൽകാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെ കാർഷിക സർവ്വകലാശാല മൂന്ന് വർഷത്തിനുള്ളിൽ ഒരു ലക്ഷം പേർക്ക് പരിശീലനം നൽകാനും ഓരോ പഞ്ചായത്തുകളിലും 100 പേരെ വീതം തെരഞ്ഞെടുത്ത് പരിശീലന പരിപാടികൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(സി) 1700 പേർക്ക് വിവിധ തരത്തിലുള്ള യന്ത്രങ്ങളുടെ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ സേനാ പരിശീലനം കഴിഞ്ഞവർക്ക് വേണ്ടി യന്ത്രസേവനകേന്ദ്രം തുടങ്ങുന്നതിനുള്ള ഒരു നിയമാവലി കാർഷിക സർവ്വകലാശാല രൂപീകരിച്ചിട്ടുണ്ട്. ഇതിനകം 15 യന്ത്രസേവന കേന്ദ്രങ്ങൾ ജില്ലയിൽ രൂപീകൃതമായിട്ടുണ്ട്. ചാരിറ്റബിൾ സൊസൈറ്റി ആക്ട്സ് പ്രകാരമാണ്, കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. അവർക്കു വേണ്ടിയുള്ള എല്ലാ സഹായ സഹകരണങ്ങളും കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന് നൽകി വരുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന തുക വൻകിട പദ്ധതികളിൽ നിക്ഷേപിക്കുന്നതിനാവശ്യമായ നടപടികൾ

17(*137) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന ഒരു ലക്ഷം കോടിയലധികം വരുന്ന തുക സംസ്ഥാനത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്കുതകുന്ന വൻകിട പദ്ധതികളിൽ നിക്ഷേപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ ;

(ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ കാണപ്പെടുന്ന അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെയുള്ള വൻവികസനങ്ങൾക്ക് പ്രസ്തുത തുക ഉപയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly